ആത്മകഥ



ഒരു ബധിരന്റെ ആത്മകഥാ കുറിപ്പുകൾ 7

ചിത്രീകരണം - ശ്രീകുമാർ മാവൂർ

സുനിൽ ഉപാസന

8281197641

# ശ്രവണസഹായി എന്ന നോക്കുകുത്തി

**പോ**ളിടെക്നിക്കിൽ എല്ലാം പഴയതുപോലെ ആയിരുന്നു. ഒരു മാസത്തോളം നീണ്ട എന്റെ അസാന്നിധ്യം ആരാലും ശ്രദ്ധിക്കപ്പെട്ടില്ല. ആരാലും ചർച്ച ചെയ്യപ്പെട്ടുമില്ല. ഞാൻ അവർക്ക് ആരുമല്ലെന്ന് ഒരിക്കൽകൂടി എനിക്ക് ഉറപ്പായി.

രവി മാത്രം അന്വേഷിച്ചു. "കുറച്ചു ദിവസം നീ ഉണ്ടായിരുന്നില്ലല്ലോ. എവിടെ പോയി?"


"സുഖമില്ലായിരുന്നു. വൈറൽ ഫീവർ."

ഞാൻ ഒഴിഞ്ഞുമാറി. കൂടുതൽ ചോദ്യങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. വിൽസൻ ഉപദേശിച്ചത് പ്രാവർത്തികമാക്കാൻ ശ്രമിക്കണം. ഭൂതകാലത്തെ കുഴിച്ചുമൂടുക. തിരുവനന്തപുരം സന്ദർശനത്തെപ്പറ്റി ഓർക്കരുത്. പാസ്റ്റ് ഈസ് പാസ്റ്റ്.

ഉച്ചയ്ക്കു വിധുടീച്ചർ ആളയച്ചു ലാബിലേക്കു വിളിപ്പിച്ചു. "എന്തുണ്ടായി സുനിൽ. ആർ യു ഓക്കെ?"

ഞാൻ മറുപടി പറഞ്ഞില്ല. തലകുനിച്ചു നിന്നു. മറക്കാൻ ശ്രമിക്കുന്തോറും തിരുവനന്തപുരം കൂടുതൽ തെളിഞ്ഞു വരികയാണ്.

ക്ലാസ്മുറിയിൽ ടീച്ചേഴ്സിന്റെ ലക്ചറുകൾക്ക് ഞാൻ ശ്രവണസഹായി വീണ്ടും ധരിച്ചു. അവ പ്രവർത്തനക്ഷമമായിരുന്നെങ്കിലും അവയിലൂടെ കേൾക്കുന്ന ശബ്ദങ്ങൾ എനിക്കു മനസ്സിലാക്കാനായില്ല. ശ്രവണസഹായിയും എന്റെ ശ്രവണവ്യൂഹവും തമ്മിൽ എവിടെയോ കലഹിച്ചു. അവ ഒരിക്കലും പൊരുത്തപ്പെട്ടില്ല. അതിനുമുമ്പുള്ള മാസങ്ങളും അങ്ങനെ തന്നെയായിരുനു.



ശ്രവണസഹായി അതു കേൾക്കുന്ന ശബ്ദങ്ങൾ (ഈ ശബ്ദങ്ങൾ ശ്രവണസഹായി ഇല്ലാതെ തന്നെ എനിക്ക് കേൾക്കാം) ചെവിയിലേക്കു

കൂടുതൽ ഉച്ചത്തിൽ പ്രതിവചിച്ചു. തലച്ചോറിന് ഈ ശബ്ദങ്ങൾ വേർതിരിച്ചെടുക്കാനായില്ല. തലച്ചോർ ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു. മൃദുവായി സംസാരിച്ച് ക്ലാസെടുക്കാറുള്ള ടീച്ചേഴ്സിന്റെ സംഭാഷണം ശ്രവണസഹായി പിടിച്ചെടുത്തില്ല. അതേസമയം റോഡിലൂടെ അനുസ്യൂതമായി പോകുന്ന വാഹനങ്ങളുടെ ശബ്ദങ്ങൾ ഉച്ചത്തിൽ എന്നിലേക്കു കടത്തിവിട്ടു. അങ്ങനെ ശ്രവണസഹായിയും എന്നിൽ ചോദ്യചിഹ്നമായി. കല്ലേറ്റുംകര റെയിൽവേ സ്റ്റേഷനിലെ ഇരുമ്പുപാലത്തിൽ, ആ ചോദ്യചിഹ്നം ഞാൻ



ചെവിയിൽനിന്ന് ഊരിവച്ച് തിരിഞ്ഞു നടന്നു. എനിക്കു പിന്നിൽ തീവണ്ടി കൂകിപ്പാഞ്ഞു. കൺകോണിൽ ഒരിറ്റു ജലം ഉരുണ്ടുകൂടി. ചോദ്യചിഹ്നത്തിൽനിന്നു ഞാൻ അങ്ങനെ മോചനം നേടി. പക്ഷേ പലരുടേയും സ്നേഹപൂർണമായ നിർബന്ധങ്ങൾക്കു വഴങ്ങി പിന്നീടും, പലപ്പോഴായി ശ്രവണസഹായികൾ ധരിക്കേണ്ടിവന്നു. അപ്പോഴെല്ലാം ചോദ്യചിഹ്നങ്ങൾ എന്നിൽ പുനഃസ്ഥാപിക്കപ്പെട്ടു.

ടീച്ചറില്ലാത്ത ക്ലാസ് മുറികൾ എന്റെ മൗനത്തെ പുഷ്ടിപ്പെടുത്തി. വിദ്യാർത്ഥികൾ നിറഞ്ഞ വരാന്തയും ഏകാന്തത വളർത്തി. ടീച്ചേഴ്സും വിദ്യാർത്ഥികളും എത്തിയിട്ടില്ലാത്ത പ്രഭാതങ്ങളിൽ, പോർട്ടിക്കോവിലെ ചില്ലുവാതിലിനു താഴെയിരുന്ന് രവി മാത്രം എന്നോടു സംസാരിച്ചു.

"അർത്ഥശൂന്യമായ വാക്കുകളേക്കാൾ നല്ലത് സംസാരിക്കാതിരിക്കുന്നതാണ്."

വാക്കുകളുടെ ധർമ്മം, വാക്കുകൾ കേൾക്കുന്ന വ്യക്തിയിൽ ഉളവാക്കേണ്ടത്, പരിമിതമാണെങ്കിൽ രവി പറഞ്ഞതു ശരിയാണ്. എങ്കിലും സത്യം അതല്ലല്ലോ. മറ്റുള്ളവരുമായുള്ള ഇടപഴകലും, സംസാരവുമാണ് ഓരോ വ്യക്തിയുടെയും മാനസികനിലയെ നോർമലായി നിലനിർത്തുന്നത്. പ്രസക്തമായ കാര്യങ്ങൾ മാത്രം ചർച്ച ചെയ്യപ്പെടുന്നത് മനസ്സിൽ സമ്മർദ്ദം കൂട്ടും. സംശയമില്ല. അവ നമ്മുടെ 'അറിയുക' എന്ന ചോദനയെ തൃപ്തിപ്പെടുത്തിയേക്കാമെങ്കിലും മനസ്സിനെ ലാഘവമാക്കുന്നതിൽ പരാജയമാണ്. പ്രസക്തമല്ലാത്ത കൊച്ചുവർത്തമാനങ്ങൾക്കും കളിചിരി സംഭാഷണങ്ങൾക്കും നമ്മിലുള്ള സ്വാധീനത്തെ അവഗണിക്കുക വയ്യ. നമ്മൾ ഏകനല്ല, സുഹൃത്തുക്കൾക്കിടയിലാണ് എന്ന ബോധമുളവാക്കുന്നത് അത്തരം സംഭാഷണങ്ങളാണ്. കാര്യമാത്ര പ്രസക്തമായ 'ഉച്ചാരണങ്ങൾ', ഇത്തരത്തിൽ നോക്കിയാൽ, മനസ്സിന് ആഘാതമാണ്.

പോളിടെക്നിക്കിലെ അവസാനകാലം രസകരമായിരുന്നു. അന്നുവരെ അകന്നു നിന്ന സഹപാഠികളിൽ ചിലർ, തോളിൽ കയ്യിട്ടു നടക്കാൻ ഉത്സാഹം കാട്ടി. ഉച്ചസമയത്തു പോർട്ടിക്കോയിലിരുന്നു ഗോവിന്ദാ... ഗോവിന്ദാ... പാടുന്ന സംഘത്തിൽ ഞാനും അംഗമായി. വോളിബോൾ കോർട്ടിൽ ലിഫ്റ്റ് പൊസിഷൻ എന്നും എനിക്കായി ഒഴിഞ്ഞു കിടന്നു., അങ്ങനെ കുറച്ചധികം മാറ്റങ്ങൾ. എന്നെ സംബന്ധിച്ചു പോളിടെക്നിക് ജീവിതം ആരംഭിച്ച്, ആസ്വദിച്ചു തുടങ്ങുന്നതേയുണ്ടായിരുന്നുള്ളൂ. പക്ഷേ മറ്റുള്ളവർക്ക് അതു അവസാനിച്ചു കഴിഞ്ഞിരുന്നു.

എനിക്കായി ആരും കാത്തുനിന്നില്ല. അതിനു വയ്യല്ലോ.

മൂന്നാം ടേമിലെ അവസാന പരീക്ഷയെഴുതി ഓരോരുത്തരായി കലാലയത്തിന്റെ പടിയിറങ്ങി. അവസാനം പോർട്ടിക്കോയിലെ ചില്ലുവാതിലിനു താഴെനിന്നു 'പ്രയാസപ്പെട്ട്' എഴുന്നേറ്റ്, രവിയും മുഖം തുടച്ചു. ഒരുമിച്ച് ബസ്റ്റോപ്പിലേക്കു നടക്കുമ്പോൾ രവി എന്നോടു ചോദിച്ചു.

'ആർ യു സാറ്റിസ്ഫൈഡ്?'

ആ ചോദ്യം അനാവശ്യമായിരുന്നു. മറുപടിയും. ഞാൻ ഒന്നും മിണ്ടിയില്ല.

***************

തിരുവനന്തപുരത്ത് എനിക്കു രണ്ടു എപ്പിസോഡുകൾ അവതരിപ്പിക്കാനുണ്ടായിരുന്നു. ഹോളിസ്റ്റിക് ചികിത്സ ഒന്നാംഘട്ടത്തിൽ നിറഞ്ഞാടി. ഞാൻ അന്ന് ഏകനായിരുന്നു. നഗരത്തിൽ അലയുമ്പോൾ ചുറ്റും കാണുന്നവയെക്കുറിച്ചു പറഞ്ഞു രസിക്കാനും മാനസിക സംഘർഷങ്ങളെക്കുറിച്ചു പറഞ്ഞു സങ്കടപ്പെടാനും ആരും കൂട്ടില്ലായിരുന്നു. അതിനാൽ തന്നെ രണ്ടാം എപ്പിസോഡിൽ അഭിനയിക്കാൻ, വീണ്ടുമൊരിക്കൽ കൂടി തിരുവനന്തപുരത്തു എത്തേണ്ടി വരുമെന്നു മനസ്സിലായപ്പോൾ മനസ്സ് ചെറുത്തുനിന്നു. ഒരുവർഷം നീണ്ട കെൽട്രോണിലെ അപ്രന്റീസ് ഷിപ്പ് ട്രെയിനിങ്ങ്. ഈ രണ്ടാംഘട്ടത്തെ അതിജീവിക്കാൻ എനിക്കു പക്ഷേ കൂട്ടുണ്ടായിരുന്നു. രാജു ആ റോൾ ഭംഗിയായി നിർവ്വഹിച്ചു.

(തുടരും)



E-mail: sunil@sunilupasana.com


# പഴശ്ശി ബാലമന്ദിരം

(വിവേകാനന്ദ കൾച്ചറൽ സൊസൈറ്റിയുടെ അനുബന്ധസ്ഥാപനം)

ഓർഫനേജ് രജിസ്റ്റർ നമ്പർ 492/88, 80.G. Exemption

No. 17/PR/25/93-94. Dt - 16.6.99

തോണിച്ചാൽ, പി.ഒ. നല്ലൂർ നാട്, മാനന്തവാടി, വയനാട് – 670 645. ഫോൺ: 04935 – 242001

8606401926, 918805 2050

Website: www.pazhassibalamandiram.org, E-mail:pazhassibalamandiram@gmail.com

സജ്ജന ബന്ധുക്കളെ,

വനവാസിജില്ലയായ വയനാട്ടിൽ കഴിഞ്ഞ മുപ്പത് വർഷമായി പ്രവർത്തിച്ചുവരുന്ന അനാഥാലയമാണ് പഴശ്ശിബാലമന്ദിരം. അമ്പത് കുട്ടികളും മൂന്ന് പരിചാരകരും അന്തേവാസികളായുണ്ട്. ഒരു യു.പി. സ്കൂളും അനുബന്ധമായി നടത്തിവരുന്നു.

ഉദാരമതികളായ സമാജബന്ധുക്കളുടെ സഹായസഹകരണമാണ് സ്ഥാപനത്തെ ഇന്നത്തെ വളർച്ചയിൽ എത്തിച്ചത്. വിവാഹം, പിറന്നാൾ, ചോറൂൺ, ശ്രാദ്ധം മുതലായ സന്ദർഭങ്ങളിൽ മുൻകൂട്ടി വിവരം അറിയിച്ചാൽ അതാത് സമയത്ത് ഈശ്വരനാമത്തിൽ അന്നദാനവും സദ്യയും മറ്റും നടത്തിവരുന്നത് ബന്ധുജനങ്ങൾക്ക് സന്തോഷവും ചാരിതാർത്ഥ്യവും നൽകിവരുന്നു. നിങ്ങളുടെ ഉദാരമായ സംഭാവനകൾ തുടർന്നും നൽകി സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2500 സ്ക്വയർഫീറ്റ് വരുന്ന ഒരു വിദ്യാലയത്തിന്റെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു. വ്യക്തികൾക്കും കുടുംബത്തിനും സ്ഥാപനത്തിനും ബന്ധുജനങ്ങളുടെ ഓർമ്മക്കും ഇതിന്റെ നിർമ്മാണത്തിൽ പങ്കുചേരാവുന്നതാണ്. 1500 രൂപയാണ് ഒരു സ്ക്വയർഫീറ്റിന്റെ നിർമ്മാണച്ചിലവ്. ഇതിന്റെ പൂർത്തീകരണത്തിനായി സജ്ജനങ്ങൾ സഹകരിച്ച് അനുഗ്രഹിക്കണമെന്നു സാദരം അഭ്യർത്ഥിക്കുന്നു. എം.ഒ./ഡി.ഡി. മുതലായവ മുകളിൽ പറയുന്ന വിലാസത്തിൽ അയക്കുക.

ധർമ്മാചരണങ്ങളിൽ,

പ്രസിഡണ്ട്, പഴശ്ശി ബാലമന്ദിരം